ഉത്തരം

(എ) ഏഴാം പഞ്ചവൽസര പദ്ധതി കാലത്ത് കേരളത്തിൽ നാലു റെയിൽവേ ഓവർ/അണ്ടർ ബ്രിഡ്ജുകൾ നിർമ്മിക്കാൻ ഇതിനകം അംഗീകാരം നൽകിട്ടുണ്ടെന്നേ 6-3-1986-ൽ കേന്ദ്രമന്ത്രി ലോകസഭയിൽ വെളിപ്പെടുത്തിയിട്ടുണ്ട്.

(ബി) കോഴിക്കോട് ഫ്രാൻസിസ് റോഡ് ഓവർ ബ്രിഡ്ജിന്റെ പ്ലാനും എസ്റ്റിമേറ്റും റെയിൽവേ അധികൃതർ തയ്യാറാക്കി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞ ശേഷമേ ബാക്കി പ്രവർത്തനങ്ങൾ നടക്കുകയുള്ളു.

കോട്ടയം ബൈപാസ് റോഡ്

456. [648] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ബൈപാസ് റോഡിന്റെ (മണർകാട്-ഏറ്റുമാനൂർ) എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പണിക്ക് ഭരണാനുമതി കൊടുത്തുകഴിഞ്ഞോ ;

(സി) എത്രയും വേഗം പണി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇതിന്റെ എസ്റ്റിമേറ്റ് തുക, 2,45,40,000 രൂപയാണ്.

(ബി) ഇല്ല.

(സി) ഇതൊരു മേജർ വർക്ക് ആയതിനാൽ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ പണി ഉടനെ ആരംഭിക്കുവാൻ പ്രയാസമുണ്ട്.

കൊങ്ങാണ്ടൂർപാലം

457. [649] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മണർക്കാട്-കിടങ്ങൂർ റോഡിലുള്ള കൊങ്ങാണ്ടൂർ-പാലം പുതുക്കി പണിയുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പ്രസ്തുത പാലം പുനർനിർമ്മാണത്തിനുള്ള വിശദമായ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കുന്നുകുഴി, ചെമ്പിത്താനം പാലങ്ങൾ

458. [650] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം-കറുകച്ചാൽ റോഡിലുള്ള കുന്നുകുഴി ചെമ്പിത്താനം പാലങ്ങൾ പുതുക്കി പണിയുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പ്രസ്തുത പാലങ്ങൾ പുതുക്കിപ്പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വാരാപ്പുഴ പാലത്തിന്റെ നിർമ്മാണം

459. [651] ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്. 17-ലുള്ള വാരാപ്പുഴ പാലത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഭരണാനുമതി നൽകുവാൻ സാങ്കേതിക തടസങ്ങൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) 1986-87 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷ.

(ബി) ഇല്ല. പാലത്തിന്റെ ആസ്തെറ്റിക് ഡിസൈനിന് കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടി എസ്റ്റിമേറ്റ് ഉണ്ടാക്കിയശേഷമേ പാലം പണിക്ക് വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ കഴിയുകയുള്ളൂ.

മുളിയങ്ങൽ-കൈതക്കൊല്ലി റോഡിന്റെ പണി

460. [652] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ മുളിയങ്ങൽ-കൈതക്കൊല്ലി റോഡിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നടുവണ്ണൂർ-അരിക്കുളം റോഡ്

461. [653] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ-അരിക്കുളം റോഡ് ടെണ്ടർ ചെയ്ത് കൊല്ലങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തിയായിട്ടില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും ?

ഉത്തരം

(എ) ഉണ്ട്

(ബി) സാമ്പത്തിക ലഭ്യതയ്ക്ക് വിധേയമായി അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly